# നെല്ലിനങ്ങൾ 119, കർഷകർക്ക് പ്രിയം പത്തിൽത്താഴെ മാത്രം

Mathrubhumi-28-05-2018-P-06

## കൂടുതലിഷ്ടം 'ഉമ'യോട്

**എം.കെ. സുരേഷ്**
തൃശ്ശൂർ

▶ അന്നും ഇന്നും കൂടുതലിഷ്ടം 'ഉമ'യോടുതന്നെ. 38 വർഷമായിട്ടും അതിനൊരു കുറവുമില്ല. ആതിരയും ജ്യോതിയും ഐശ്വര്യയും ശ്രേയസുമൊക്കെയാണ് തൊട്ടടുത്തുള്ളത്.

ഇവയെല്ലാം കേരള കാർഷിക സർവകലാശാലയിലെ നെല്ലുഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത കർഷകർക്ക് പ്രിയപ്പെട്ട നെല്ലിനങ്ങളാണ്.

സർവകലാശാല വികസിപ്പിച്ചെടുത്ത 308 വിളകളിൽ 119 നെല്ലിനങ്ങളാണുള്ളത്. പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം കൂടി ലക്ഷ്യമിട്ട ഈ നെൽവിത്തുകളിൽ പത്തെണ്ണമേ കർഷകർക്ക് പ്രിയമുള്ളൂ. ഇതിൽ മുന്നിലാണ് മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം തയ്യാറാക്കിയ 'ഉമ'.

ഉയർന്ന പ്രതിരോധശേഷി, കൂടുതൽ വിളവ് തുടങ്ങിയവയാണ് ഉമയേയും ജ്യോതിയേയും കർഷകപ്രിയമാക്കുന്നത്. ഉമയുടെയത്ര വിളവ് മറ്റൊരു നെല്ലിനത്തിനും കിട്ടില്ല. ഹെക്ടറിന് 10 മുതൽ 12 ടൺവരെ നെല്ല് കിട്ടും.

പല നെല്ലിനങ്ങളും പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ളതാകയാൽ എല്ലായിടത്തും കൃഷിക്ക് പറ്റില്ല. ഉമയടക്കമുള്ള ജനപ്രിയഇനങ്ങൾ ഒട്ടുമിക്ക സാഹചര്യത്തിലും കൃഷിയിറക്കാമെന്നതിനാലാണ് കർഷകർ കൂടുതൽ താത്പര്യം കാട്ടുന്നത്. എട്ടുമുതൽ പത്തുവരെ വർഷമെടുത്താണ് ഗവേഷകർ നെല്ലിനങ്ങൾ വികസിപ്പിക്കുന്നത്.

പഴയകാല വിത്തുകൾക്ക് ആവശ്യക്കാരേറിയതോടെയാണ് മണ്ണുത്തിയിൽ സർവകലാശാല വിത്ത്ബാങ്ക് തുറക്കുന്നത്.

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും കുട്ടനാടിന് യോജിച്ചതുമാണ് കഴിഞ്ഞ ദിവസം പുറത്തിറക്കിയ പൗർണമി. കോൾപ്പാടങ്ങൾക്ക് പറ്റിയ മനുരത്നയ്ക്ക് ആവശ്യക്കാരേറെയാണ്. പൊക്കാളിക്ക് ചേർന്നതും ലവണാംശത്തെ ചെറുക്കുന്നതുമായ ലാവണ്യ, തീരദേശത്തേയ്ക്കുള്ള ജ്യോത്സന എന്നിവയും കഴിഞ്ഞദിവസം പുറത്തിറക്കി.

### രുചിയിൽ ജ്യോതി

രുചിക്കൂടുതൽ ജ്യോതിയുടെ അരിക്കാണ്. വിളവും കുറവില്ല. ഏത് സാഹചര്യത്തിലും കൃഷിചെയ്യാം. പ്രതിരോധ ശേഷിയുമുണ്ട്. എന്നാൽ 1980-ൽ വന്ന ഉമയുടെ നേട്ടം ഉയർന്ന ഉത്പാദനക്ഷമതയാണ്.

### ഒരേയിനം ആവർത്തിക്കരുത്

ഒരേയിനം നെൽവിത്തുതന്നെ ആവർത്തിച്ച് കൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയ്ക്കും; വിളവും കുറയും. അമിത വളപ്രയോഗം ശരിയല്ല. അത് മണ്ണിനേയും ചെടിയേയും ബാധിക്കും. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനാവില്ല. സംയോജിത വളപ്രയോഗമാണ് വേണ്ടത്.

**ഡോ.എസ്. ലീനാകുമാരി**
**ശാസ്ത്രജ്ഞ,**
**കാർഷിക സർവകലാശാല**

### ജൈവവൈവിധ്യവും പ്രധാനം

മാറിവരുന്ന പാരിസ്ഥിതിക, സാമൂഹിക മാറ്റങ്ങളെ നേരിടാൻ പറ്റിയ വിത്തിനങ്ങളാണ് പുറത്തിറക്കുന്നത്. ഉത്പാദനക്ഷമതയ്ക്കൊപ്പം ജൈവവൈവിധ്യവും ഉറപ്പാക്കും.

നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.

**ഡോ.പി. ഇന്ദിരാദേവി**
**ഗവേഷണ വിഭാഗം**
**മേധാവി, കാർഷിക**
**സർവകലാശാല**